**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1886** | **08-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡും ലോക്ഡൗണും മൂലം ക്ഷീരമേഖല കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോ; | (ബി) | കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ മലബാർ മേഖലയിലെ ചില പ്രദേശങ്ങളിൽ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കാൻ മിൽമയ്ക്ക് സാധിച്ചിരുന്നില്ല. സംഭരിച്ച പാൽ മുഴുവനും വിപണനം നടത്താൻ സാഹചര്യമില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ഇതിന് പരിഹാരമായി മിൽമ പാൽസംഭരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ സർക്കാർ വളരെ ഗൗരവത്തോടെ ഈ വിഷയത്തിൽ ഇടപ്പെട്ട് ഉടൻതന്നെ നിയന്ത്രണങ്ങൾ പിൻവലിക്കുകയും, ക്ഷീരകർഷകരുടെ മുഴുവൻ പാലും ശേഖരിക്കുവാനുള്ള നിർദ്ദേശം മിൽമയ്ക്ക് നൽകുകയും ചെയ്തതിനെ തുടർന്ന് കർഷകരിൽ നിന്നും പൂർണ്ണമായും പാൽ സംഭരിച്ചു തുടങ്ങി. ഭാവിയിൽ അധികസംഭരണത്തെ തുടർന്നുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ മലബാർ മേഖലയിൽ പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ, മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്കായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷംകർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജ് നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 3 രൂപ ക്രമത്തിൽ ഇൻസെന്റീവും പച്ചപ്പുൽവൈക്കോൽ |

| | | | |
|---|---|---|---|
| | | | എന്നിവ സംഭരിച്ച് കുറഞ്ഞ വിലയിൽ ക്ഷീരകർഷകർക്ക് വിതരണംചെയ്യുന്നപദ്ധതിയും നടപ്പിലാക്കി വരുന്നു. കോവിഡ് ബാധിച്ച ക്ഷീരകർഷകർക്ക് അടിയന്തിര ധനസഹായം ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നൽയിരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപയും, കൂടാതെകോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപയും, കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവുംനൽകി. (കുറഞ്ഞത് 250/- രൂപപരമാവധി 1,000/- രൂപ) |
| (സി) | കോവിഡ് കാലത്ത് പശുവളർത്തലിലേക്കും മറ്റ് തൊഴിലുകൾ ഉപേക്ഷിച്ച് ഡയറി ഫാമുകളിലേക്കും തിരിഞ്ഞവർക്ക് ഫാമുകൾ അടച്ചുപൂട്ടേണ്ടിവരുന്ന അവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) | കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്. ഇത് കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘം എന്നിവ മുഖേന കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധനസഹായവും വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ